# <u>കേരള സ്കൂൾ ശാസ്ത്രമേളയ്ക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് നിർമ്മിക്കുന്ന സ്വർണകപ്പിനായുള്ള മോഡൽ ക്ഷണിക്കുന്നു.</u>

കേരള സ്കൂൾ ശാസ്ത്രമേളയ്ക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് ഒരു കിലോ സ്വർണകപ്പ് (125 പവൻ) നിർമ്മിക്കുന്നു.

പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലങ്ങളിലെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ നിന്നും, അദ്ധ്യാപകരിൽ നിന്നും(1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ്സ് വരെ) ശാസ്ത്രമേള സ്വർണ്ണകപ്പ് നിർമ്മിക്കുന്നതിനുള്ള മോഡലിനായി ചിത്രങ്ങൾ ക്ഷണിക്കുന്നു.

ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, പ്രവൃത്തി പരിചയം, ഐ.ടി. എന്നീ വിഭാഗങ്ങളുടെ പ്രതീകങ്ങൾ ഉൾകൊള്ളുന്നതാകണം ചിത്രങ്ങൾ ഇവ 5 ഉം ഉൾകൊള്ളുന്ന ഒറ്റ പ്രതീകം ഉൾപ്പെടുത്തിയും ചിത്രങ്ങൾ തയ്യാറാക്കാവുന്നതാണ്.

ഒതുക്കമാർന്നതും, പ്രൗഡഗംഭീരവുമായ മോഡൽ നിർമ്മിക്കാനുതകുന്ന രീതിയിൽ A4/A3 പേപ്പറുകളിൽ വേണം ചിത്രങ്ങൾ തയ്യാറാക്കേണ്ടത്. മോഡലിന്റെ വിവിധ വശങ്ങൾ വ്യക്തമാക്കുന്നതിനായി ഒന്നിൽ കൂടുതൽ ചിത്രങ്ങൾ ഒറ്റ ഷീറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

സ്വർണകപ്പ് നിർമ്മാണ മോഡലിനായി തിരഞ്ഞെടുക്കുന്ന ചിത്ര നിർമ്മാതാവിന് പൊതുവിദ്യാഭ്യാസ വകുപ്പ് ക്യാഷ് അവാർഡ് നൽകുന്നതാണ്.

ചിത്രം തയ്യാറാക്കിയ പേപ്പറിന്റെ മറുപുറത്ത് വിദ്യാർത്ഥിയുടെ/അദ്ധ്യാപകന്റെ പേര്, ക്ലാസ്സ്/ഉദ്യോഗപേര്, വിദ്യാലയത്തിന്റെ പൂർണമായ മേൽ വിലാസം, ജില്ല, വിദ്യാത്ഥിയുടെ രക്ഷകർത്താവിന്റെ/അദ്ധ്യാപകന്റെ മൊബൈൽ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തി ചിത്രങ്ങൾ ബന്ധപ്പെട്ട റവന്യൂ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 2014 സെപ്തംബർ മാസം 17-ാം തീയതിക്കുള്ളിൽ ലഭ്യമാക്കണം.